**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3798** **15-07-2022 - ൽ മറുപടിയ്ക്ക്**

**റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട്, മലപ്പുറം ജില്ലകളിലെ തൊഴിലന്വേഷകരായ അഞ്ഞൂറോളം പേരിൽ നിന്നും റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലയിൽ മുക്കം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 245/2022 U/s 420 IPC പ്രകാരം രജിസ്റ്റർ ചെയ്ത ഒരു കേസിൽ 4 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.<br><br>മലപ്പുറം ജില്ലയിൽ, ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 378/2022 U/s 420 IPC, ക്രൈം നമ്പർ 389/2022 U/s 420 IPC എന്നിങ്ങനെ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിലെ പ്രതികൾ മുക്കം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 245/2022 നമ്പർ കേസിൽ പ്രതികളായി റിമാൻഡ് ചെയ്തിട്ടുള്ളതിനാൽ ടി കേസുകളിലേക്കും അറസ്റ്റ് രേഖപ്പെടുത്തി പ്രതികളെ കസ്റ്റഡിയിൽ വാങ്ങി തെളിവ് ശേഖരിക്കുന്നതിനായി ബഹു. പൊന്നാനി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>മേൽ കേസുകളിലെ പ്രതികൾക്കെതിരെ റെയിൽവേയിൽ ജോലി വാഗ്ദാനം ചെയ്ത് വഞ്ചിച്ചു എന്ന് ആരോപിച്ച് 3 പരാതികൾ കൂടി ലഭിച്ചിട്ടുള്ളതും, ഈ പരാതികളിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പരാതിക്കാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.. ഇപ്രകാരം ചതി ചെയ്ത് പണം തട്ടിയെടുത്ത കാര്യം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് വരുന്നു. മേൽ കേസുകൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പരാതി നൽകിയിട്ടും കേസ് രജിസ്റ്റർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ